Page 1 of 5

മി. സ്പീക്കർ : ഉത്തരവു് മാത്രമാണോ, അതോ പുനഃസ്ഥാപിച്ചിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ : ഇന്നലെയാണ് നിവേദനം തന്നത്. ഇന്നലെ തന്നെ ഉത്തരവും കൊടുത്തു. മറ്റു കാര്യങ്ങൾ എനിക്ക് ഇപ്പോൾ അറിയില്ല. സാധാരണ ഉത്തരവ് കൊടുത്താൽ ബന്ധം പുനഃസ്ഥാപിക്കുമെന്നാണ് പ്രതീക്ഷ.

# V. റിപ്പോർട്ട് സമർപ്പണം

## അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട്

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട് ചെയർമാനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

# VI. റൂളിംഗ്

## ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭിക്കാത്തതു സംബന്ധിച്ച്

മി. സ്പീക്കർ : ശ്രീമതി ശോഭനാജോർജ്ജ് ഉന്നയിക്കാൻ ഉദ്ദേശിക്കുന്ന കാര്യം ഞാൻ തന്നെ പറയാം. ചോദ്യത്തെ സംബന്ധിച്ച കാര്യം ഇന്നലെയാണല്ലോ നമ്മൾ വളരെ ഗൗരവമായി ചർച്ച ചെയ്തത്. അതിനടുത്ത ദിവസമായ ഇന്ന് ആ ഗൗരവം സഭയിൽ വന്നിട്ടില്ല. അതുകൊണ്ട് ഇന്നത്തെ ചോദ്യങ്ങളെ സംബന്ധിച്ച് മറുപടി ലഭിച്ചിട്ടില്ലെന്ന് കാണിച്ചുകൊണ്ട് ശ്രീമതി ശോഭനാ ജോർജ്ജ് ഒരു കത്ത് തന്നിട്ടുണ്ട്. അത് ചെയർ പരിശോധിച്ചു. ഇന്ന് ആകെ സ്റ്റാർഡ് ചോദ്യം മുപ്പതും അൺസ്റ്റാർഡ് ചോദ്യം നൂറ്റിനാൽപ്പത്തിയേഴുമുണ്ട്. ആകെ 177. അതിൽ സ്റ്റാർഡ് ചോദ്യങ്ങൾക്കെല്ലാം മറുപടി കിട്ടി. അൺസ്റ്റാർഡ് ചോദ്യങ്ങളിൽ 147-ൽ 49 ചോദ്യങ്ങൾക്കു മാത്രമേ മറുപടി ലഭിച്ചിട്ടുള്ളു. അതിൽ വ്യവസായ വകുപ്പുമന്ത്രിയുടെ 51 ചോദ്യങ്ങൾക്കും റവന്യൂ വകുപ്പുമന്ത്രിയുടെ 23 ചോദ്യങ്ങൾക്കും വനംവകുപ്പുമന്ത്രിയുടെ 24 ചോദ്യങ്ങൾക്കും മറുപടി ലഭിച്ചിട്ടില്ലായെന്നുള്ളത് വളരെ ഗൗരവത്തോടുകൂടി ചെയർ കാണുകയാണ്. ചോദ്യങ്ങളുടെ നടപടിക്രമങ്ങളെ സംബന്ധിച്ച് മന്ത്രിമാർ കാര്യങ്ങൾ മനസ്സിലാക്കിയിട്ടുണ്ടാകും. പക്ഷേ സ്ട്രിക്റ്റായിട്ട് ആ നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടോയെന്നുള്ളത് മന്ത്രിമാർ അറിയണം. അതാണ് എനിക്ക് പറയാനുള്ളത്. 12 ദിവസംമുൻപ് ഇവിടെ നിന്ന് ഒരു ചോദ്യം അംഗീകരിച്ച് ഗവൺമെന്റ് സെക്രട്ടേറിയറ്റിലേയ്ക്ക് അയച്ചാൽ അതിന് എന്താണ് സംഭവിക്കുന്നതെന്ന് മന്ത്രിമാർ അറിയാറില്ല. ഈ ചോദ്യങ്ങൾക്കുള്ള ഗൗരവം വളരെ വലുതാണെന്ന് നമുക്കറിയാം. അതുകൊണ്ടുതന്നെ ഈ ചോദ്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി, ചോദ്യം കിട്ടിയാൽ ഉടൻതന്നെ ആക്ട്



LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാനും വിവരം ശേഖരിക്കാനും എല്ലാ വകുപ്പുകളിലും പാർലമെന്ററി സെക്ഷനുണ്ട്. ചോദ്യം ഇവിടെ 12 ദിവസം മുൻപ് ബാലറ്റ് ചെയ്ത് ചോദ്യത്തിന്റെ ടൈപ്പ്ഡ് കോപ്പി അന്നുതന്നെ കൊടുക്കുകയാണ്. 11 ദിവസം അല്ലെങ്കിൽ 12 ദിവസം പൂർണ്ണമായും ഗവൺമെന്റ് സെക്രട്ടേറിയറ്റിന് ലഭിക്കുന്നു. പിന്നെയുള്ള നടപടികൾ പലതും നടക്കേണ്ട രൂപത്തിൽ നടക്കുന്നില്ലെന്നാണ് പരിശോധിച്ചപ്പോൾ ചെയറിന് മനസ്സിലായത്. ഇന്നത്തെ ചോദ്യങ്ങളുടെ ഉത്തരം ഇന്നലെ രാത്രി ലഭിച്ചു. ഞാൻ അതു മുഴുവൻ പരിശോധിച്ചു. ഈ ചോദ്യങ്ങളിൽ മന്ത്രിയുടെ ഓഫീസ്സിൽനിന്ന് മറുപടി തരാൻ കഴിയുന്നവയുണ്ട്. സെക്രട്ടറി തലത്തിൽ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ നിന്ന് മറുപടി നൽകാൻ കഴിയുന്നവയുണ്ട്, ജില്ലാതലത്തിൽനിന്നും താഴെ തലത്തിലേയ്ക്ക് എത്തി മറുപടി ലഭിക്കേണ്ടവയുണ്ട്. അങ്ങനെ മറുപടികൾ പലതരത്തിലാണ്. എല്ലാറ്റിനെയും ജനറലൈസ് ചെയ്യാൻ പറ്റുകയില്ല. ഇന്നലത്തെ ചോദ്യങ്ങളുടെ ഉത്തരം പരിശോധിച്ചപ്പോൾ എനിക്കുതന്നെ ആശ്ചര്യം തോന്നിയ ഒരു കാര്യമുണ്ട്. മന്ത്രിയുടെ ഓഫീസിൽ നിന്നോ അല്ലെങ്കിൽ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ നിന്നോ മറുപടി തരാൻ കഴിയുന്ന ചോദ്യങ്ങളുടെ മറുപടിപോലും ലഭിച്ചിട്ടില്ല. താഴോട്ടു പോകാതെ മന്ത്രിമാരുടെ ഓഫീസിൽനിന്നുതന്നെ ഒരു ദിവസംകൊണ്ട് തയ്യാറാക്കിത്തരാൻ കഴിയുന്ന മറുപടിപോലും ലഭിച്ചിട്ടില്ല. അത്തരത്തിൽ പത്തിരുപത് ചോദ്യങ്ങൾ എന്റെ ഫയലിൽ ഞാൻ നോട്ട് ചെയ്തു വച്ചിട്ടുണ്ട്. അതിനെക്കുറിച്ച് ഞാൻ ഇപ്പോൾ പറയുന്നില്ല. കാരണം, അങ്ങനെയൊരു ചർച്ചയിലേയ്ക്ക് ഞാൻ ഇപ്പോൾ പോകുന്നില്ല. ജില്ലകളിൽ പോകാതെ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽനിന്ന് ഒരു ദിവസം കൊണ്ട് വിവരം കളക്ട് ചെയ്ത് മറുപടി തരാവുന്ന ചോദ്യങ്ങളുണ്ട്. ഈ സഭയിൽത്തന്നെ മറുപടി പറഞ്ഞ ചോദ്യങ്ങൾ ഒരു വാക്കുപോലും മാറ്റാതെ റിപ്പീറ്റ് ചെയ്തുവന്നിട്ടുണ്ട്. അപ്പോൾ ഇതൊക്കെ ചെയ്യുന്നില്ലെന്ന് പറയുന്നത് ഒരു വലിയ വീഴ്ചയാണ്. മന്ത്രിമാർക്ക് എത്ര ചോദ്യങ്ങൾ ലഭിച്ചു, പിന്നെ എന്ത് സംഭവിച്ചു, എത്രയെണ്ണത്തിന് മറുപടി ലഭിച്ചു എന്നിങ്ങനെ അപ്-ടു-ഡേറ്റായി കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞാൽ നമുക്ക് 99% ബുദ്ധിമുട്ടുകളും പരിഹരിക്കാൻ കഴിയുമെന്നാണ് ചെയറിന്റെ അഭിപ്രായം. ഏതായാലും ചോദ്യങ്ങൾക്ക് കൃത്യസമയത്ത് മറുപടി ലഭിക്കുന്നില്ലെന്ന ഇന്നത്തെ ഈ അവസ്ഥ ഒരു കാരണവശാലും അനുവദനീയമല്ലെന്ന് പറയാനാഗ്രഹിക്കുകയാണ്. അത് പറയേണ്ടിവന്നതുകൊണ്ട് പറയുകയാണ്. ജോലിഭാരം പത്തിലൊന്നായി ലഘൂകരിക്കപ്പെട്ടിട്ടുണ്ട്. എല്ലാ ആധുനിക സൗകര്യങ്ങളും നമുക്ക് ഇവിടെയുണ്ട്. അങ്ങനെ എന്തെങ്കിലും സൗകര്യക്കുറവുണ്ടെങ്കിൽ പറയണം. ഈ കാര്യം വീണ്ടും ആവർത്തിക്കേണ്ടിവന്നതിൽ ചെയറിന് ദുഃഖമുണ്ടെന്ന് പറയാനാഗ്രഹിക്കുകയാണ്. ഈ സഭയിലെ കാര്യവും ഈ സൗകര്യങ്ങളും ഇന്നത്തെ തീരുമാനങ്ങളും വച്ചുകൊണ്ട് നമുക്ക് മുന്നോട്ടുപോകാം. ബാക്കിയുള്ള കാര്യങ്ങൾ പിന്നെ പരിഹരിക്കാം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ഞങ്ങൾക്ക് വളരെയേറെ പരിമിതികളുണ്ട്. നാലു ദിവസമായി തുടർച്ചയായി ആവശ്യപ്പെട്ടിട്ട് ഇന്നലെ വൈകുന്നേരമാണ് എനിക്ക് ചോദ്യങ്ങൾ കിട്ടുന്നത്. ഒന്നാമത്തെ ചോദ്യം ഞാൻ റിപ്ലൈ ചെയ്യേണ്ടത് ഇന്നലെ സന്ധ്യ കഴിഞ്ഞാണ് എന്റെ കയ്യിൽ കിട്ടിയത്.

മി. സ്പീക്കർ : എവിടെപ്പോയി?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി സുശീലാ ഗോപാലൻ : ഞാൻ ഇവിടെയുണ്ടായിരുന്നു. എനിക്ക് താഴെ നിന്നും കിട്ടിയിട്ടില്ല. മുഴുവൻ വിവരങ്ങളും ശേഖരിക്കാൻ കഴിഞ്ഞില്ല.

മി. സ്പീക്കർ : അങ്ങേയ്ക്ക് കിട്ടിയില്ല. കിട്ടാത്തതു എന്തുകൊണ്ടാണ്? അതാണ് ചോദ്യം? ............... (ബഹളം) .............

ശ്രീമതി സുശീലാ ഗോപാലൻ : നമ്മൾ നിർബന്ധം ചെലുത്തി ചോദിച്ചിട്ടും വിവരങ്ങൾ ശേഖരിക്കുന്ന ................... വ്യവസായ വകുപ്പാകുമ്പോൾ ഒരുപാട് സ്ഥലത്തുനിന്നും വിവരങ്ങൾ ശേഖരിക്കേണ്ടി വരും. എല്ലാം ഇന്നലെ വൈകുന്നേരമാണ് എനിക്ക് കിട്ടുന്നത്. കുറച്ചു സമയം ഞാൻ ഇവിടെയിരുന്നു. ഇവിടെയിരിക്കാതിരിക്കാൻ പറ്റുമോ? നാലു ദിവസം നിരന്തരമായി ആവശ്യപ്പെട്ടതാണ്. അതിൽ എന്താണ് തകരാറ് എന്നു നോക്കണം. ഇവിടെ നിന്നും അയയ്ക്കുന്നതിലാണോ തകരാറ്? എവിടെ നിന്നാണെന്ന് ഞങ്ങളും പരിശോധിക്കാം. ചോദ്യം കിട്ടിയാൽ ഒരു നിമിഷവും താമസിപ്പിക്കുന്നതല്ല. ഞങ്ങൾ നോക്കി വേണ്ട കാര്യങ്ങൾ ചെയ്യുന്നുണ്ട്.

ശ്രീ. ടി.എം. ജേക്കബ് : സർ, ഇതിനകത്ത് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറഞ്ഞതാണ് ശരിയെങ്കിലും അത്യന്തം ഗൗരവമുള്ള വിഷയമാണ്. കാരണം ഞങ്ങളൊക്കെ മന്ത്രിമാരായിരുന്നവരാണ്. ഒരു ഡിപ്പാർട്ടുമെന്റിൽ നിന്നും നിയമസഭ അംഗീകരിക്കപ്പെട്ടു കൊടുക്കുന്ന ചോദ്യങ്ങൾക്ക് മറുപടി സമയത്തു വന്നില്ലെങ്കിൽ ആ ഡിപ്പാർട്ടുമെന്റിലെ സെക്രട്ടറി അടക്കമുള്ള ആളുകളുടെ പേരിൽ നടപടി സ്വീകരിക്കാനുള്ള ധൈര്യം നിങ്ങൾ കാണിക്കണം. അതിനു നിയമസഭയല്ല ഉത്തരവാദി. അങ്ങേക്ക് ഞാൻ എഴുതിത്തന്നു. കഴിഞ്ഞതിന്റെ മുൻപിലത്തെ നിയമസഭാ സമ്മേളനത്തിൽ ചോദിച്ച ചോദ്യം നമ്മുടെ സംസ്ഥാനത്തെ ഒരു മന്ത്രി നിയമസഭയിൽ കൊടുക്കാതെ അദ്ദേഹത്തിന്റെ ഓഫീസിൽ പിടിച്ചു വച്ചിരിക്കുകയാണ്. കാരണം ഇൻഫർമേഷൻ എലിസിറ്റു ചെയ്യാനുള്ള അവകാശം മെമ്പേഴ്സിനുള്ളതാണ്. ഇവിടെ നൽകുന്ന ഈ ഔദ്യോഗിക രേഖ വച്ചുകൊണ്ട് ഞങ്ങൾക്ക് ചർച്ചയിൽ പങ്കെടുക്കാൻ സാധിക്കും. അങ്ങു പറഞ്ഞല്ലോ ഇന്നു സ്റ്റാർഡ് ക്വസ്റ്റ്യനു മറുപടി തന്നുവെന്ന്. അങ്ങയുടെ അറിവിലേക്ക് ഞാൻ പറയുന്നു ഈ നിയമസഭാ ലൈബ്രറിയിൽ ഇന്നലത്തെ സ്റ്റാർഡ് ക്വസ്റ്റ്യന്റെ മറുപടി വന്നില്ല. അഞ്ചാമതായിട്ടും നാലാമതായിട്ടും ആൻസർ ചെയ്യേണ്ട ചോദ്യങ്ങളുടെ മറുപടി ലൈബ്രറിയിൽ വച്ചിരിക്കുന്ന ഇന്നലത്തെ സ്റ്റാർഡ് ക്വസ്റ്റ്യന്റെ ആൻസറിനകത്തില്ല. ഇതിൽ ഞങ്ങളോടൊക്കെ എന്ത് അനാദരവാണ് കാണിക്കാനുള്ളത്? സ്പീക്കർക്ക് ഒരു കോപ്പി കൊടുക്കുന്നുണ്ടാവും. മന്ത്രിമാരുടെ കയ്യിൽ കാണുമായിരിക്കും. എന്നിട്ട് ഇന്ന് പത്രത്തിൽക്കൂടി ഞങ്ങൾ ആ ഉത്തരം വായിക്കുകയുണ്ടായി. അങ്ങയോട് ഞങ്ങൾക്ക് സ്നേഹമുണ്ട്. ഇക്കാര്യത്തിൽ അങ്ങ് എടുക്കുന്ന താല്പര്യത്തെ ഞങ്ങൾ വളരെയേറെ അപ്രീഷ്യേറ്റു ചെയ്യുകയും ചെയ്യുന്നു. പക്ഷേ ഈ ഗൗരവം മന്ത്രിമാർ കൊടുക്കുകയും ഗവൺമെന്റ് കാണിക്കുകയും ചെയ്യുന്നില്ലെന്നു പറഞ്ഞാൽ പിന്നെ ഈ നിയന്ത്രണമേർപ്പെടുത്തിയതിൽ എന്താണ് അർത്ഥമുള്ളത്?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : ഇതു മൊത്തത്തിലുള്ള മറുപടിയല്ല. ബഹുമാനപ്പെട്ട സ്പീക്കർ 23 ക്വസ്റ്റ്യനു മറുപടി കിട്ടിയില്ല എന്നുപറഞ്ഞു. കഴിഞ്ഞ നിയമസഭയിൽ ഞാൻ തന്നെ പറഞ്ഞതാണ് എന്റെ 95% ചോദ്യങ്ങൾക്കും സമയാസമയങ്ങളിൽ ഉത്തരം കൊടുത്തിരുന്നു. വളരെ നിഷ്ക്കർഷയോടെ ഉത്തരം കൊടുക്കാറുണ്ട്. ഇന്നലെ ഇത്രയും ചോദ്യ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾക്ക് ഉത്തരം കൊടുക്കാൻ കഴിയാതെ വന്നത്, ഇന്നലെ നിയമസഭ പിരിഞ്ഞതിനുശേഷം ക്യാബിനറ്റു കഴിഞ്ഞ് ആ ക്വസ്റ്റ്യന് മറുപടി ഒപ്പിട്ടു കൊടുക്കാൻ കഴിയാതെ പോയി. അതിന്റെയെല്ലാം മറുപടി ഇന്നു കാലത്ത് ഒപ്പിട്ടു കൊടുത്തിട്ടുണ്ട്. ഇന്നുതന്നെ മറുപടി വരും. മെമ്പർമാരുടെ ഈ വികാരമൊക്കെ കുറച്ചു നാൾ മുമ്പു ഞാനും പ്രകടിപ്പിച്ചിരുന്നതാണ്. അഞ്ചു കൊല്ലക്കാലം ഞങ്ങൾ പ്രതിപക്ഷത്തിരിക്കുമ്പോൾ നൂറു നൂറ് ആവർത്തി സ്പീക്കർ ഇതേ കാര്യം ഉന്നയിച്ചിട്ടുണ്ട്. യാതൊരു പ്രതികരണവും അന്ന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. അതുകൊണ്ട് ഞാൻ പറയുകയാണ് ഞങ്ങൾ അംഗങ്ങൾ ഉന്നയിക്കുന്ന പരമാവധി ചോദ്യങ്ങൾക്ക് സമയാസമയങ്ങളിൽ തന്നെ ഉത്തരം കൊടുക്കണമെന്നു തന്നെയാണ് ഉദ്ദേശിക്കുന്നത്. ഉത്തരം കൃത്യമായി കൊടുക്കും. കൊടുക്കാനാവശ്യമായ നടപടി ഗവൺമെന്റ് എടുക്കും. സ്പീക്കർ ഇവിടെ പറഞ്ഞ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ടുതന്നെ ഓരോ ചോദ്യങ്ങൾക്കും കൃത്യമായി സമയാസമയങ്ങളിൽ ഉത്തരങ്ങൾ നൽകുന്നതിന് ഞങ്ങൾ ശ്രമിക്കും. നിങ്ങളെപ്പോലെ പൂഴ്ത്തി വയ്ക്കുകയോ സമയത്തു കൊടുക്കാതിരിക്കുകയോ ചെയ്യുന്ന നടപടി ഉണ്ടാവുകയില്ല.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ഒരു നിർഭാഗ്യകരമായ വിവാദമാണ് നടന്നുകൊണ്ടിരിക്കുന്നത് എന്നാണ് തോന്നുന്നത്. ഇവിടെ ചോദ്യം വന്നാൽ ഉത്തരം കൊടുക്കാനുള്ള ഉത്തരവാദിത്വം ഗവൺമെന്റിന്റെയാണ്. ആ ഉത്തരവാദിത്വത്തിൽനിന്നും ഗവൺമെന്റ് പിന്നോട്ടു പോകുന്നില്ല. ഇവിടെ എന്തുണ്ടായി എന്ന് എന്റെ അനുഭവത്തിലുള്ളത് ഞാൻ പറയാം. ഇക്കഴിഞ്ഞ കാലത്തു നോക്കിയാൽ കാണാൻപറ്റും. എല്ലാ ചോദ്യങ്ങൾക്കും അതാതു ദിവസം തന്നെയാണ് ഉത്തരം നൽകിയിട്ടുള്ളത്. വളരെക്കൂടുതൽ ചോദ്യങ്ങൾ വന്ന ദിവസം തന്നെ ഉത്തരങ്ങൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

മി. സ്പീക്കർ : അത് എന്തുകൊണ്ട് എല്ലാവർക്കും നൽകാൻ കഴിഞ്ഞിട്ടില്ല?

ശ്രീ. പിണറായി വിജയൻ : അത് ഇനിയുള്ള ദിവസങ്ങളിൽ ചോദ്യങ്ങൾ വളരെ ചുരുക്കുമെന്നുള്ളതുകൊണ്ട് ഉത്തരം നൽകാൻ വളരെ സൗകര്യമായിരിക്കും. അപ്പോൾ ഉത്തരം നൽകാൻ സാധിക്കുന്നതാണ്. ഇതു സംബന്ധിച്ച് മറ്റു ബുദ്ധിമുട്ടുകളുണ്ടാകേണ്ടതില്ല. ഇന്നലെ പ്രത്യേക ഒരു സ്ഥിതിയുണ്ടായതുകൊണ്ടാണെന്ന് ബഹുമാനപ്പെട്ട ഇസ്മയിൽ ഇവിടെ പറഞ്ഞു കഴിഞ്ഞു. ശരിയാണ്. ഇനി ഉത്തരം കൃത്യമായി നൽകാൻ കഴിയുമെന്നാണ് പറയാനുള്ളത്.

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, അങ്ങു പറഞ്ഞ നിർദ്ദേശം നടപ്പാക്കാൻ പരമാവധി മന്ത്രിമാർ ശ്രമിക്കുമെന്നുള്ള കാര്യം ഞാൻ അറിയിക്കുകയാണ്. ശ്രീമാൻ ടി.എം. ജേക്കബ് പറഞ്ഞത് അങ്ങനെ ഉത്തരം നൽകാത്ത സെക്രട്ടറിമാരുടെ പേരിൽ നടപടിയെടുക്കണമെന്നാണ്. ശ്രീ. ജേക്കബ് മന്ത്രിയായിരുന്നപ്പോൾ എത്ര പേരുടെ പേരിൽ നടപടിയെടുത്തിട്ടുണ്ട്? ആരുടെയെങ്കിലും പേരിൽ നടപടിയെടുത്തിട്ടുണ്ടോ? പിന്നെ എന്തിനാണ് ഇങ്ങനെ പറയുന്നത്?

ശ്രീ. ടി.എം. ജേക്കബ് : അങ്ങ് ഒരു കാര്യം മനസ്സിലാക്കാനുള്ളത് അങ്ങുതന്നെ ഞങ്ങളോടൊക്കെ പറഞ്ഞു ഈ ക്വസ്റ്റ്യൻസിന്റെ നമ്പർ ലിമിറ്റു ചെയ്യണമെന്ന്. അന്ന് ഇഷ്ടംപോലെ ക്വസ്റ്റ്യൻസ് വരുമായിരുന്നു. പക്ഷേ ഒരു

LIBRARY ARCHIVES Kerala Legislative Assembly

കാര്യം അങ്ങയുടെ അറിവിലേയ്ക്കായി ഞാൻ പറയുകയാണ് സ്റ്റാർഡ് ക്വസ്റ്റ്യൻസിനു മറുപടി കൊടുക്കാത്ത അവസ്ഥാവിശേഷമുണ്ടായിട്ടില്ല. ബഹുമാനപ്പെട്ട സുശീലാ ഗോപാലൻ പറഞ്ഞത് എന്താണ്? അവരുടെ ഡിപ്പാർട്ടുമെന്റിൽനിന്നും ഇന്നലെ വൈകുന്നേരമായിട്ടും 1-ാം നമ്പർ ക്വസ്റ്റ്യൻ കൊടുത്തിട്ടില്ലെന്നാണ് പറഞ്ഞത്. അങ്ങനെ ഗൗരവതരമായ ഒരു ഇഷ്യൂ ഉണ്ടെന്ന് ഒരു മന്ത്രി നിയമസഭയിൽ പറഞ്ഞാൽ നടപടിയെടുക്കേണ്ടത് ആരുടെ പേരിലാണ്? ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനാണ് ഞാൻ മറുപടി പറഞ്ഞത്. ഇന്നലെ ചീഫ് മിനിസ്റ്റർ പറഞ്ഞല്ലോ ചീഫ് സെക്രട്ടറിക്ക് എതിരെ നടപടി എടുത്ത പാരമ്പര്യമേ എനിക്കുള്ളൂവെന്ന്. ഞാൻ ഉദ്യോഗസ്ഥന്മാരെ മനഃപൂർവമായി പണിഷുചെയ്യാനല്ല പറഞ്ഞത്. അങ്ങനെയൊരു അവസ്ഥാവിശേഷമുണ്ടായാൽ നടപടി വേണം. അതാണ് ഞാൻ പറഞ്ഞതിനർത്ഥം.

ശ്രീ. പി.പി. തങ്കച്ചൻ : സർ, ഞാൻ അവിടെയും ഇവിടെയും രണ്ടു സ്ഥലത്തുമിരുന്ന ആളാണ്. സ്പീക്കർ പറഞ്ഞ അതേ വികാരം ഉൾക്കൊണ്ടുകൊണ്ട് ഞാൻ അവിടെയിരിക്കുമ്പോഴും പലപ്പോഴും അഭിപ്രായ പ്രകടനം നടത്തിയിട്ടുണ്ട്. എല്ലാ മന്ത്രിമാരും കൃത്യമായി എല്ലാ ചോദ്യങ്ങൾക്കും ഉത്തരം തന്നു എന്നൊന്നും ഞാൻ അവകാശപ്പെടുന്നില്ല. പക്ഷേ വേണമെന്നു വിചാരിച്ചാൽ മുഴുവൻ ചോദ്യങ്ങൾക്കും ഉത്തരം നൽകാൻ കഴിയും. കാരണം ഞാൻ നിയമസഭയിൽ മന്ത്രിയായിരുന്ന അവസരത്തിൽ നാലു തവണ ഇരുന്നൂറും മുന്നൂറും ക്വസ്റ്റ്യൻസു വരെയുണ്ടായിട്ടുണ്ട്. ഒരൊറ്റ ചോദ്യത്തിനും ഉത്തരം ബാക്കിയിടാതെ നൂറിനു നൂറു ശതമാനവും ഉത്തരം പറഞ്ഞതിന് അന്നത്തെ സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ എന്നെ അഭിനന്ദിച്ച കാര്യം ഞാനോർക്കുകയാണ്. വേണമെന്നു വിചാരിച്ചാൽ നടക്കും. ഞാൻ അവിടെയിരുന്നുകൊണ്ട് ഈ വികാരമുൾക്കൊണ്ട ഒരാളായതുകൊണ്ടാണ് അങ്ങനെ ചെയ്തത്. ഈ മന്ത്രിസഭയിലും ചിലർ അങ്ങനെ ചെയ്യുന്നുണ്ട്. ഭൂരിപക്ഷം മന്ത്രിമാരും അതു ശ്രദ്ധിക്കാത്തതുകൊണ്ടാണ്. വേണമെന്നു വച്ചാൽ നടക്കും. ഒരു ഉദാഹരണം പറയാം. പ്ലാനിംഗ് ബോർഡ് മെമ്പർമാരുടെ യോഗ്യതയും ശമ്പളവും എന്താണ്? ഇതിനു ഒരു മിനിറ്റുകൊണ്ടു മറുപടി പറയാം. നാലഞ്ചു മാസങ്ങൾക്കു മുമ്പ് ഞാൻ ചോദിച്ച ചോദ്യത്തിനു മറുപടി വന്നിട്ടില്ല. മനഃപൂർവമാണ് ഇതിനൊക്കെ ഉത്തരം തരാതിരിക്കുന്നത്.

മി. സ്പീക്കർ : ഈ ചർച്ച ഗുണകരമായി മാറുമെന്നാണ് എന്റെ പ്രതീക്ഷ. തീർച്ചയായും മന്ത്രിമാരുടെ എല്ലാവരുടെയും സഹകരണം വാഗ്ദാനം ചെയ്തു കഴിഞ്ഞു. അതു വിശ്വാസത്തിലെടുത്തു കൊണ്ടു മുന്നോട്ടു പോകാം. യാതൊരു കുഴപ്പവുമില്ല. വ്യവസായ വകുപ്പുമന്ത്രി പറഞ്ഞ കാര്യം ഗവൺമെന്റ് സെക്രട്ടറിയോടു ചോദിക്കാം. 12 ദിവസം മുമ്പുള്ള നോട്ടീസാണ്. 12 ദിവസം മുമ്പ് നിങ്ങൾക്ക് ചോദ്യങ്ങൾ അവിടെ ലഭിക്കുകയാണ്. അതിൽ വീഴ്ച വരുത്തി മന്ത്രിയെ തലേദിവസം ചോദ്യങ്ങൾ കാണിക്കുന്ന ഏർപ്പാട് ശരിയല്ല. നിങ്ങൾ ആശങ്കാകുലരാകേണ്ട. എന്തിനാണ് തലേ ദിവസമാകുന്നത്? അതു ദീർഘനാളായി തുടർന്നുവന്ന സിസ്റ്റമാണ്. ആ സിസ്റ്റമനുസരിച്ച് ചിലയാളുകൾ തലേദിവസമേ കൊടുക്കുകയുള്ളൂ. അതു പാടില്ല. പത്തു ദിവസം മുമ്പ് വേണമെങ്കിൽ കിട്ടും. ആ രൂപത്തിൽ സെക്രട്ടറിമാരെ വിളിച്ച് അത് മാറ്റിയെടുക്കണം. അല്ലെങ്കിൽ ചെയറിന് സെക്രട്ടറിമാരെ വിളിക്കേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly